പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 531 04.02.2020 ലെ മറുപടിക്ക്

## കയർ കേരള 2019

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ടി.ബൽറാം<br>ശ്രീ.പി.ടി. തോമസ് | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) കയർ കേരള 2019 സംഘടിപ്പിക്കുന്നതിന് ചെലവാക്കിയ തുക തരം തിരിച്ച് വ്യക്തമാക്കാമോ; | എ) കയർ കേരള 2019 ന്റെ വരവ് ചെലവ് കണക്കുകൾ അന്തിമമാക്കിയിട്ടില്ല. ആയത് പൂർത്തീകരിക്കുമ്പോൾ മാത്രമേ വരവ്-ചെലവ് സംബന്ധിച്ച വ്യക്തമായ കണക്കുകൾ ലഭ്യമാകുകയുള്ളൂ. |
| ബി) ഈ മേള വഴി എത്ര രൂപയുടെ കയർ ഉൽപ്പന്നങ്ങൾ വിൽക്കാനാണ് ലക്ഷ്യമിട്ടിരുന്നതെന്നും എത്ര രൂപയുടെ കയർ ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തി എന്നും വിശദമാക്കാമോ; | ബി) "കയർ കേരള 2019" വഴി 399 കോടി രൂപയുടെ ഓർഡറുകൾ കയർ പൊതുമേഖലാ സ്ഥാപനങ്ങൾക്കും കയർഫെഡിനും ലഭിക്കുന്നതിനുള്ള ധാരണയായിട്ടുണ്ട്. ഇതിൽ 181 കോടി രൂപ ആഭ്യന്തര വിപണിയിൽ നിന്നും 218 കോടി രൂപ കയറ്റുമതി വഴി വിദേശവിപണിയിൽ നിന്നും ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. "കയർ കേരള 2019" വഴി കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന് 167.50 കോടി രൂപയുടെ ഓർഡറാണ് ലഭിച്ചിട്ടുള്ളത്. ഇതിൽ 47 കോടി രൂപയുടെ കയർ ഉല്പന്നങ്ങൾ ഇതു വരെ വിപണനം ചെയ്തിട്ടുണ്ട്. കയർ കേരള 2019 ലൂടെ കയർഫെഡിന് 40 ലക്ഷം രൂപയുടെ കയറും, കയറുല്പന്നങ്ങളും വില്പന നടത്താൻ സാധിച്ചിട്ടുണ്ട്. |
| സി) കയർ ഉൽപ്പന്നങ്ങളുടെ വിൽപ്പന വർദ്ധിപ്പിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ? | സി) സംസ്ഥാനത്ത് കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും വിപണി വർദ്ധിപ്പിക്കുന്നതിനും സുസ്ഥിരമായി നിലനിൽക്കുന്നതിനും സർക്കാർ വലിയ പരിഗണന നൽകുന്നു. "കയർ കേരള 2017" |

മേളയിൽ 120 കോടി രൂപയുടെ കയർ ഭൂവസ്ത്ര പദ്ധതി ഗ്രാമ പഞ്ചായത്തുകളും മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷനുമായി ചേർന്ന് ഒപ്പുവച്ചതാണ് ഏറ്റവും ശ്രദ്ധേയമായ നടപടി. ഇതുവഴി കയർ മേഖലയിലും കയർ ഉൽപ്പന്ന മേഖലയിലും സംഭരണത്തിലും വിതരണത്തിലും ഗണ്യമായ പുരോഗതിയും കൂടുതൽ തൊഴിൽ ദിനങ്ങളും സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. 2017-18, 2018-19 സാമ്പത്തിക വർഷത്തിൽ 5608011 സ്ക്വയർ മീറ്റർ കയർ ഭൂവസ്ത്രം കയർഫെഡ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് എന്നിവർ വഴി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. ഇതുവഴി കയർപിരി മേഖലയിലും, കയർ ഉല്പന്ന മേഖലയിലും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സാധിച്ചിട്ടുണ്ട്. "കയർ കേരള 2019"-ൽ 103 കോടി രൂപയുടെ കയർ ഭൂവസ്ത്ര ധാരണാപത്രം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ഒപ്പുവച്ചിട്ടുണ്ട്. ആയതിന്റെ ഫലമായി കയർ രംഗത്ത് തൊഴിലും കൂലിയും ഉറപ്പാക്കി സുസ്ഥിരമായി നിലനിർത്തുന്നതിന് സാധിക്കുന്നതാണ്.

കയർ അപ്പക്സ് സഹകരണ സ്ഥാപനമായ കയർഫെഡും കയർ പൊതുമേഖലാ സ്ഥാപനങ്ങളായ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് എന്നിവരും തങ്ങളുടെ ഉൽപ്പന്നങ്ങൾ സംബന്ധിച്ച് ആവശ്യമായ പരസ്യ പ്രചരണങ്ങൾ നടത്തുന്നുണ്ട്. സംസ്ഥാനത്തെ എല്ലാ പ്രാദേശിക ഉത്സവകാലങ്ങളിലും കയർ ഉൽപ്പന്നങ്ങളുടെ വിപണന മേള കയർ പൊതുമേഖലാ സ്ഥാപനങ്ങൾ സംഘടിപ്പിച്ചു വരുന്നു. 2017-ൽ സംസ്ഥാനത്ത് കയർ വികസന വകുപ്പ് നടപ്പിലാക്കിയ "കയർകാർണിവൽ" വഴി ക്രയവില സ്ഥിരതാ പദ്ധതിയിലൂടെ സർക്കാർ സംഭരിച്ച 10 കോടിയുടെ ഹാൻഡ്ലൂം ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

2019-ൽ കൊൽക്കത്തയിൽ വച്ച നടന്ന നാച്ചറൽ ഫൈബറുകളുടെ സെമിനാറിൽ സംസ്ഥാന കയർ വികസന വകുപ്പിന്റെ സാന്നിധ്യമുണ്ടായിരുന്നു. സെമിനാറിൽ പങ്കെടുത്ത ഫ്രാൻസിൽ നിന്നെത്തിയ സംഘം കയർ ഭൂവസ്ത്രം ഇറക്കുമതി ചെയ്യുന്നതിന് കയർഫെഡുമായി ധാരണയിൽ എത്തുകയും 25.86 ലക്ഷം രൂപ വിലമതിക്കുന്ന കയർ ഭൂവസ്ത്രം കയർഫെഡിൽ നിന്ന് വാങ്ങുകയും ചെയ്തിട്ടുണ്ട്. തുടർന്നും ഓർഡർ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കയർഫെഡ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ എന്നിവയുടെ വിറ്റുവരവ് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | വിറ്റുവരവ് | |
|---|---|---|
| | കയർ കോർപ്പറേഷൻ (തുക കോടിയിൽ) | കയർഫെഡ് (തുക കോടിയിൽ) |
| 2015-16 | 103 | 56.53 |
| 2016-17 | 105 | 68.58 |
| 2017-18 | 113 | 110.86 |
| 2018-19 | 178 | 125.72 |

2015-16 ൽ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന്റെ വിറ്റുവരവ് 103 കോടി രൂപയായിരുന്നത് 2018-19 ൽ 178 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. വിറ്റുവരവിൽ 72.8% വർദ്ധനവ് കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ഈ കാലയളവിൽ കൈവരിച്ചിട്ടുണ്ട്. 2015-16 ൽ കയർഫെഡിന്റെ വിറ്റുവരവ് 56.53 കോടി രൂപ ആയിരുന്നത് 2018-19 ൽ 125.72 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. വിറ്റുവരവിൽ 122.39% വർദ്ധനവ് കയർഫെഡിന് ഈ കാലയളവിൽ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

..4..

| | |
|---|---|
| | കയർ ഉല്പന്നങ്ങളുടെ വില്പന വർദ്ധിപ്പിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ ഫലപ്രദമാണെന്ന് ഈ കണക്കുകൾ തെളിയിക്കുന്നു. |

സെക്ഷൻ ഓഫീസർ